# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

LPS Umbernadu.

Scanned with ACE Scanner

നമസ്തേ.

ആമുഖം:

നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം, സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ്. ഇതിനായി കേരളസർക്കാർ ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' അനവധി നൂതനമായ മാറ്റങ്ങൾ വരുത്തി ലക്ഷ്യത്തിലെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തുല്യനീതിയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാന ദൗത്യമാണ്. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഒരു അടിത്തറ എന്നു പറയുന്നത് സ്കൂൾ 'അക്കാദമിക മാസ്റ്റർ പ്ലാനുകൾ' ആണ്. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അനുസ്യൂതം മാറികൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ 'അക്കാദമിക മാസ്റ്റർ' പുനർനിർമിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷ്യം, സ്കൂൾ ചരിത്രം, പ്രശ്നങ്ങൾ, വെല്ലുവിളികൾ, പദ്ധതി വിശദാംശങ്ങൾ, മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങൾ ക്രമമായി ചിട്ടപ്പെടുത്തി കിലങ്ങൾ രൂപത്തിൽ തയ്യാറാക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ സാധിക്കുവാൻ കഴിയുന്നതാകട്ടെ എന്ന് ആശംസിക്കുന്നു.

ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
* കുട്ടികൾക്ക് പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* ക്ലാസ് റൂം പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* അധ്യാപകർ ആധുനിക സാങ്കേതിക വിദ്യകൾ മനസ്സിലാക്കി ക്ലാസ് മുറികളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
* വിദ്യാർത്ഥി – വിദ്യാർത്ഥികൾ, അധ്യാപകർ – അധ്യാപകർ, വിദ്യാർത്ഥി – അധ്യാപകർ, അധ്യാപക-സമൂഹം എന്നിങ്ങനെയുള്ളവർ തമ്മിൽ ദൃഢമായ ബന്ധം ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
* എല്ലാ കുട്ടികളും എല്ലാ വിഷയത്തിലും നേടേണ്ട പഠന നേട്ടങ്ങൾ കൈവരിക്കുന്നു.
* മലയാളവും ഇംഗ്ലീഷും ഒരുപോലെ കുട്ടികൾ സ്വായത്തമാക്കുന്നു.
* പ്രകൃതിയെ അറിയുവാനുള്ള പ്രവർത്തനങ്ങൾ

Scanned with ACE Scanner

* ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
* പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണാ സഹായം ലഭിക്കുന്നു.
* പഠനം രസകരമാകുന്നു.
* സ്കോളർഷിപ്പ് പരിശീലിപ്പിക്കുന്നു.
* കലാ കായിക, പ്രവൃത്തി പരിചയം ലഭിക്കുന്നു.
* യോഗ പരിശീലിപ്പിക്കുന്നു.
* മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തുന്നു
* പി.ടി.എ. ശക്തിപ്പെടുത്തുന്നു.
* പൂർവ വിദ്യാർത്ഥികളുടെ പിന്തുണ ലഭിക്കുന്നു.
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു.
* ആവശ്യമായ പഠനോപകരണങ്ങൾ ഒരുക്കുന്നു.
* English diary, Spoken English എന്നിവയിലൂടെ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാകുന്നു.
* ദിനാചരണങ്ങൾ ഫലപ്രദമായി പാഠഭാഗവുമായി ബന്ധിപ്പിക്കുന്നു.
* പ്ലാസ്റ്റിക്, ലഹരി വിമുക്ത സ്കൂൾ അന്തരീക്ഷം ഉറപ്പാക്കുന്നു.
* കാർഷിക സംസ്കാരം വളർത്തുന്നു.
* അന്ധവിശ്വാസത്തെ അകറ്റി ശാസ്ത്രാവബോധം വളർത്തുന്നു.
* പോഷക സമൃദ്ധമായ ഉച്ചഭക്ഷണ വിതരണം.
* പരിസ്ഥിതി സംരക്ഷണത്തിൽ അവബോധം

Scanned with ACE Scanner

# സ്കൂൾ ചരിത്രം.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ തെക്കേക്കര പഞ്ചായത്തിൽ ഉമ്പർനാട് എന്ന ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

1914-ൽ സ്ഥാപിതമായ ഈ വിദ്യാലയം പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന അക്കാലത്ത് കാക്കനാപ്പള്ളിൽ കുടുംബാംഗമായിരുന്ന [illegible] പണ്ടാരിൽ അവർകൾ വിദ്യാലയത്തിനായി തന്റെ സ്ഥലം വിട്ടുനൽകുകയും ഈ വിദ്യാലയം സ്ഥാപിക്കുകയും ചെയ്തു. സ്കൂളിന്റെ ആദ്യകാലത്തെ പേര് കാക്കനാപ്പള്ളിൽ LPS എന്നായിരുന്നു. കാലാന്തരത്തിൽ അത് LPS Umbernadu എന്നായി. തുടക്കത്തിൽ LP വിഭാഗം Vth std വരെ ഇവിടെ ഉണ്ടായിരുന്നു. അന്ന് ഓരോ ക്ലാസ്സിനും 2 ഡിവിഷനുകൾ വീതം ഉണ്ടായിരുന്നു. ധാരാളം കുട്ടികളും പഠിച്ചിരുന്നു. നാനാതുറയിൽ പ്രവർത്തിച്ചും പ്രവർത്തിക്കുന്നവരായ ധാരാളം വ്യക്തിത്വങ്ങളെ ഈ വിദ്യാലയത്തിന് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. [illegible] പോലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വരവ് വന്ന് എയ്ഡഡ് സ്കൂളുകളെയെന്ന പോലെ_ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതിൽ — ഈ സ്കൂളിനെയും ബാധിച്ചു. [illegible] തുടങ്ങി ഇപ്പോൾ 1 ഹെഡ്മിസ്ട്രസും സ്ഥിരം അദ്ധ്യാപകർ 2 പേരും കുട്ടികളുടെ എണ്ണം 50 ൽ താഴെയും [illegible]

എല്ലാം സ്ഥല പരിമിതി ഉണ്ടെങ്കിലും മറ്റ് എല്ലാ കാര്യങ്ങളിലും (അദ്ധ്യയനം, കലാ-കായികം, ശാസ്ത്രം, ആരോഗ്യം, ശൗചാലയം, വൈദ്യുതി കണക്ഷൻ, ഇന്റർനെറ്റ് സൗകര്യം, വായനം ......) ഇവയിലെല്ലാം വിദ്യാലയം മുന്നിൽ തന്നെയാണ്.

Scanned with ACE Scanner

നിലവിലെ പ്രധാന അദ്ധ്യാപിക ശ്രീമതി. സ്നേഹലത ടീച്ചറും ഒരു സ്ഥിര അദ്ധ്യാപികയും 2 താത്കാലിക അദ്ധ്യാപകരും ഒരു നഴ്സറി – പ്രീ പ്രൈമറി – അദ്ധ്യാപികയും ഉണ്ട്. ഈ അദ്ധ്യാപികയുടെ നേതൃത്വത്തിൽ സ്കൂൾ കാര്യങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നുണ്ട്. വിവിധ ക്ലബ്ബുകളും, യോഗ പരിശീലനവും, നടന്നു വരുന്നു. അദ്ധ്യാപകർ എല്ലാം നിസ്വാർത്ഥമായും സഹകരണ മനോഭാവത്തോടും കൂടി പ്രവർത്തിക്കുന്നതിനാൽ സ്കൂൾ പ്രവർത്തനങ്ങൾ മികച്ചതായി പോകുന്നുണ്ട്. ഉച്ചഭക്ഷണം പാകം ചെയ്യുന്ന ശ്രീമതി. സരസമ്മ ഭംഗിയായി തന്നെ കടമ നിർവ്വഹിക്കുന്നു. കളിസ്ഥലം കുറവാണെങ്കിലും പാർക്കിൽ കുട്ടികൾ എന്നും കളിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ.

1. കുടുംബ പ്രശ്നങ്ങൾ കുട്ടികൾക്ക് മനഃപ്രയാസം ഉണ്ടാക്കുന്നു.
2. മദ്യപാനം ഒരു ഭീഷണിയാകുന്നു.
3. കളിസ്ഥലത്തിന്റെ അഭാവം കായിക പരിശീലനത്തിന് തടസ്സമാകുന്നു.
4. സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്തത്
5. സജീവമല്ലാത്ത PTA.

## പദ്ധതി രൂപീകരണ പ്രക്രിയ ഘട്ടങ്ങൾ.

SRG-ൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു. അദ്ധ്യാപകരും PTA അംഗങ്ങളും ചേർന്ന് അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകി. PTA മീറ്റിംഗിൽ പ്ലാൻ അംഗീകരിച്ചു.

## പ്രവർത്തനങ്ങൾ — ഒരു നോട്ടത്തിൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പരിപോഷണം.<br>• ശാസ്ത്രാവബോധം വളർത്തൽ<br>• ലൈബ്രറി ശാക്തീകരണം<br>• ക്ലാസ് നവീകരണം<br>• പഠനയാത്ര<br>• വിനോദയാത്ര<br>• IT പരിശീലനം<br>• കൃഷി, പൂന്തോട്ട നിർമ്മാണം<br>• ദിനാചരണങ്ങൾ<br>• കലാ കായികമേള. | സ്മാർട്ട് ക്ലാസ്റൂം<br>ശിശുസൗഹൃദ ഘടകങ്ങൾ വരുത്തൽ | PTA കമ്മിറ്റികളും, പൂർവ്വ വിദ്യാർത്ഥി സംഗമം<br>CPTA<br>ബോധവൽക്കരണ |

# ഇംഗ്ലീഷ് പഠനം — പരിപോഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ. |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | • ഇംഗ്ലീഷ് അസംബ്ലി<br>• അധ്യാപകർ ഇംഗ്ലീഷിൽ സംസാരിക്കൽ/ നിർദ്ദേശങ്ങൾ | | | |
| • ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | സംഭാഷണം<br>റോൾ പ്ലേ<br>സ്കിറ്റ്<br>വാക്കുകൾ കൂട്ടിച്ചേർക്കൽ<br>കഥ പൂർത്തിയാക്കൽ | | | |
| • ഇംഗ്ലീഷിലൂടെ വിനോദവും പഠിക്കൽ | പസിലുകൾ<br>ഡിക്ഷണറി നിർമാണം<br>വർക്ക് ഷീറ്റുകൾ<br>കാർഡുകൾ<br>ചിത്രങ്ങൾ<br>വിവരണങ്ങൾ<br>വായന. | | | |



Scanned with ACE Scanner

## ശാസ്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ |
|---|---|---|---|---|
| ശാസ്ത്ര പഠനം പരീക്ഷണങ്ങളിലൂടെ. | ലഘു പരീക്ഷണങ്ങൾ ചെയ്ത് നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ ശാസ്ത്രലാബ്. | | | |
| ശാസ്ത്ര പഠനം സർഗാത്മകത വർധിപ്പിക്കുക | പഠനയാത്രകൾ സെമിനാറുകൾ ശേഖരണങ്ങൾ | | | |
| ശാസ്ത്ര ബോധം ഉണ്ടാക്കൽ | ശാസ്ത്രകഥകൾ ശാസ്ത്ര ക്വിസ് പ്രകൃതി നിരീക്ഷണം. | | | |



Scanned with ACE Scanner

## ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| ലൈബ്രറി ശാക്തീകരിക്കൽ | • ജന്മദിനത്തിലൊരു പുസ്തകം.<br>• പുസ്തക സമാഹരണം<br>• പത്രം.<br>• പുസ്തകം ഇടീക്കൽ<br>• അമ്മവായന. | വർഷം മുഴുവൻ. |

## ലാബ് നവീകരണം.

| ലക്ഷ്യം. | | | |
|---|---|---|---|
| ശാസ്ത്രീയ അറിവും കൂടുതൽ വ്യക്തതയോടെ ചെയ്യുവാൻ ഉപകരണം ലഭ്യമാക്കുക | • രസതന്ത്ര സാമഗ്രികൾ സമാഹരിക്കൽ<br>• പഠനോപകരണ നിർമ്മാണ ശില്പശാല. | വർഷം മുഴുവൻ | PTA Teacher. |

## കൃഷി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| • കൃഷിയോട് അഭിരുചി വളർത്തുന്നു. | • വീട്ടിലും സ്കൂളിലും കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നു. കൃഷി ചെയ്യുന്നു. | കാലാവസ്ഥ അനുസരിച്ച്. | |
| • ഓരോ ദിനങ്ങളുടെയും പ്രാധാന്യം തിരിച്ചറിയുന്നു<br>• സാമൂഹിക ബോധം വളർത്തുന്നു. | ദിനാചരണങ്ങൾ<br>മുന്നൊരുക്കം<br>ബോധവത്കരണം<br>ചുവർ പത്രം നിർമ്മാണം | | |

## കായികമേളകൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| • കലാകായിക ശേഷികളുടെ വികാസം. | • കായികവിനോദങ്ങളിൽ ഏർപ്പെടൽ<br>• കായിക പരിശീലനം<br>• മേളകളിൽ പങ്കെടുക്കൽ<br>• ബാലസഭ<br>• ചിത്രരചന, സംഗീതം പരിശീലനം. | | |

Scanned with ACE Scanner

7. ഗ്രന്ഥശാല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അറിവുകൾ അനുഭവവേദ്യമാകുന്നതിന് | • പാഠ്യവുമായി ബന്ധപ്പെട്ട് റഫറൻസ് ചെയ്ത്<br>• പുഴ, പാടം, കാവുകൾ കുളം, നിർമ്മാണ ശാലകൾ തുടങ്ങിയവ സന്ദർശിക്കൽ | വർഷം മുഴുവൻ | Teachers PTA | |

ഐ. ടി. പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടാകുക. | എല്ലാവരും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നു. | വർഷം മുഴുവൻ | Teachers. | |
| • പഠനനേട്ടങ്ങൾ കൈവരിക്കാൻ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ഓരോ പഠനനേട്ടവുമായി ബന്ധപ്പെടുത്തി ICT സാധ്യതകൾ കണ്ടെത്തി പഠനം കാര്യക്ഷമമാക്കുന്നു. | | | |

Scanned with ACE Scanner

പദ്ധതി വിശദാംശങ്ങൾ

പദ്ധതി: ഭാഷാ ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | • ഒന്നെഴുത്ത്<br>വായന കാർഡ്<br>അക്ഷര ചാർട്ട്<br>ചിത്ര കാർഡുകൾ<br>പാട്ടുകൾ<br>ഡയറി എഴുത്ത്. | വർഷം മുഴുവൻ | അദ്ധ്യാപകർ | |
| • വായനയിൽ താത്പര്യം വളർത്തുന്നു. | പത്രവായന<br>വായനാമത്സരം<br>വായന കുറിപ്പ്<br>ക്വിസ് പ്രോഗ്രാം.<br>കഥോത്സവം. | വർഷം മുഴുവൻ | Teachers. | |
| • സർഗാത്മക രചനകളിൽ ഏർപ്പെടുന്നു. | • കഥാരചന<br>രചനോത്സവം.<br>വരയുത്സവം.<br>കയ്യെഴുത്ത് മാസിക.<br>സംഭാഷണം തയ്യാറാക്കൽ<br>കവിത പൂർത്തിയാക്കൽ<br>ഡയറി എഴുത്ത്.<br>കടങ്കഥ നിർമ്മാണം. | വർഷം മുഴുവൻ | | |
| • അവതരണ മികവ് നേടുന്നതിന്. | • പ്രസംഗ പരിശീലനം<br>കവിതാലാപനം<br>കഥാവതരണം<br>നാടകം. | | | |

Scanned with ACE Scanner

## ഗണിത ശേഷി വികസനം.

ലക്ഷ്യം :- ഗണിതം ദൃഢമാക്കുക.

പ്രവർത്തനം :-

- ഗണിതലാബ്
- വർക്ക്ഷീറ്റ് തയ്യാറാക്കൽ
- ഗണിതക്വിസ്
- ഉല്ലാസ ഗണിതം.
- ഗണിത മേളകൾ
- നിർമ്മാണം.
- പസിലുകൾ
- മാന്ത്രികചതുരം
- ടാൻഗ്രാം.
- ഗണിതമാസിക.



Scanned with ACE Scanner